**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139** **13-02-2025 - ൽ മറുപടിയ്ക്ക്**

**വയോജന സ്കിൽ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം മുകേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വയോജനങ്ങളുടെ കർമശേഷി സമൂഹത്തിനായി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വയോജന സ്കിൽ ബാങ്ക് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | വിവിധ മേഖലകളിൽ വിദഗ്ധ അനുഭവങ്ങളുള്ള വയോജനങ്ങളുടെ കർമശേഷി സമൂഹത്തിനായി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് വയോജന സ്കിൽ ബാങ്ക് രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നത്. മുതിർന്ന പൗരൻമാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സൗകര്യം പോർട്ടലിൽ ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വയോജനങ്ങളുടെ അടിസ്ഥാന വ്യക്തിഗത വിവരങ്ങൾ, പ്രവൃത്തിപരിചയം, വിദ്യാഭ്യാസ യോഗ്യത, നൈപുണ്യവിവരം മുതലായവ പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, സാമൂഹ്യനീതി, കായികം ഉൾപ്പെടെയുള്ള മേഖലകളിൽ സ്കിൽ ബാങ്കിലൂടെ നിർദ്ദേശം സ്വീകരിക്കാനും പ്രാവർത്തികമാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഉണ്ട്. രജിസ്റ്റർ ചെയ്യുന്ന വയോജനങ്ങൾക്ക് ഏത് മേഖലയിലാണോ പ്രാവീണ്യമുള്ളത് അതിനനുസരിച്ച് പോർട്ടലിൽ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഉൾപ്പെടുത്തുന്നതാണ്. അവരുടെ ആവശ്യത്തിനനുസരിച്ചുള്ള വിവരങ്ങൾ ഉദാ: - volunteer service, job (part time/full time), വ്യത്യസ്തകഴിവും താല്പര്യവും ഉള്ള പക്ഷം ആയവ ശേഖരിക്കുന്നതിനുള്ള ഓപ്ഷൻ, IT@elderly സേവനം, രജിസ്റ്റർ ചെയ്യാതെതന്നെ viewing option ലൂടെ നൈപുണ്യ വികസനം, Tips, ആരോഗ്യ പരിശോധന , പരിശീലനം എന്നീ സേവനങ്ങളും ഉൾക്കൊള്ളിക്കുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ